ഉത്തരം

(എ) ചില ആശുപത്രികളിൽ ആന്റി റാബീസ് വാക്സിൻ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) പേ വിഷബാധയ്ക്കെതിരായ വാക്സിന്റെ ക്ഷാമം പരിഹരിക്കുന്നതിന് ലോക്കൽ പർച്ചേസ് മുഖേനയോ ആശുപത്രി വികസന സമിതി ഫണ്ട് മുഖേനയോ ടി വാക്സിൻ വാങ്ങുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 2005-2006 വർഷത്തേക്കാവശ്യമായ പേ വിഷ വാക്സിൻ ആവശ്യകതാ പട്ടികയുടെ അടിസ്ഥാനത്തിൽ സി. പി. സി. റേറ്റ് കോൺട്രാക്ടിൽ നിന്നും വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(സി) ആന്റി റാബീസ് വാക്സിൻ വാങ്ങുന്നതിന് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസർക്ക് പത്തു ലക്ഷം രൂപയും ബാക്കി പതിമൂന്ന് ജില്ലയിലോരോന്നിലും മൂന്നു ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

(ഡി) ആന്റി റാബീസ് വാക്സിൻ കുറവ് പരിഹരിക്കുന്നതിലേക്കായി ലോക്കൽ പർച്ചേസ് മുഖേനയോ ആശുപത്രി വികസന സമിതി ഫണ്ടുപയോഗിച്ചോ പ്രസ്തുത വാക്സിൻ വാങ്ങുന്നതിലേക്കായി എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് അനുവദിച്ച തുക ആന്റി റാബീസ് വാക്സിന്റെ ആവശ്യകത അനുസരിച്ച് ചെലവഴിച്ചുവരുന്നുണ്ട്.

ആശുപത്രികളിലെ മിനിമം സൗകര്യങ്ങൾ

158 [136] *ഡോ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജില്ലാതല, താലൂക്കതല ആശുപത്രികളിൽ ഉണ്ടായിരിക്കേണ്ട മിനിമം സൗകര്യങ്ങൾ എന്തെല്ലാമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് വെളിപ്പെടുത്താമോ;

(ബി) ഇതനുസരിച്ച് സൗകര്യമില്ലാത്ത എത്ര ആശുപത്രികൾ കേരളത്തിൽ ഉണ്ട്; അത്തരം ആശുപത്രികളിൽ ഈ മിനിമം സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) കേരളത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 2-8-1961-ലെ സർക്കാർ ഉത്തരവ് സാധ (നം.) 3150/1961/ഹെൽത്ത് ആന്റ് ലേബർ പ്രകാരം കിടക്കകളുടെ എണ്ണത്തിന്റെ അനുപാതത്തിലാണ് ജീവനക്കാരുടെ എണ്ണം നിശ്ചയിക്കുന്നത്. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നിലവിലുള്ള മാനദണ്ഡം (1961-ലെ സ്റ്റാഫ് പാറ്റേൺ) അനുസരിച്ച് ജീവനക്കാരുടെ എണ്ണത്തിൽ കുറവുള്ള ജില്ലാ താലൂക്കുതല ആശുപത്രികൾ കേരളത്തിലില്ല. സർക്കാർ ആശുപത്രികളിൽ ഉണ്ടായിരിക്കേണ്ട സേവനം, ജീവനക്കാർ എന്നിവയെ സംബന്ധിച്ച് സർക്കാർ പഠനം നടത്തുകയും പ്രസ്തുത പഠന റിപ്പോർട്ട് (സ്റ്റാന്റർഡൈസേഷൻ ഓഫ് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ്) സർക്കാരിന്റെ പരിഗണനയിലുമാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ആരോഗ്യ വകുപ്പിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ നടപടി

159 [137] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ വിവിധ തസ്തികകളിലായി ആകെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) അസിസ്റ്റന്റ് സർജൻ, നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ലെപ്രസി ഇൻസ്പെക്ടർ, ഹോസ്പിറ്റൽ അറ്റന്റന്റ്, ഡ്രൈവർ, സ്വീപ്പർ, കുക്ക്, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ഇപ്പോഴുള്ള ഒഴിവുകൾ എത്രയാണെന്ന് ഇനംതിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ മൊത്തമായി 8611 ഒഴിവുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly